പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3509 | | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **അംഗൻവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.തോമസ് ഉണ്ണിയാടൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ അംഗൻവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) അംഗൻവാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടവ-യായതിനാൽ അംഗൻവാടികളുടെ കെട്ടിടമുൾ-പ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നിരുന്നാലും സ്വന്തമായി സ്ഥലമുള്ളതും, കാലപഴക്കം കൊണ്ട് പൊളിഞ്ഞു-വീഴാറായതുമായ അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണത്തിനായി / നവീകരണത്തിനായി 700 അംഗൻവാടികൾ അടങ്ങുന്ന സർക്കാർതല-ത്തിലുള്ള പ്രെപ്പോസലിന് നബാർഡ്-ആർ.ഐ.ഡി.എഫ് സ്കീമിൽ നിന്ന് ധനസഹായത്തിന് എസ്.എൽ.ഇ.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഒരോ അംഗൻവാടിക്കും ലഭ്യമായ സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ളാനും, എസ്റ്റിമേറ്റും (2012-ലെ പൊതുമരാമത്ത് വകുപ്പ് SOR പ്രകാരം), പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള പ്രോജക്ട് റിപ്പോർട്ട് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | അംഗൻവാടികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) അംഗൻവാടിയുടെ പ്രവർത്തനം നടത്തുന്നത് അംഗൻവാടി വർക്കറും അവർക്ക് സഹായത്തിനായുള്ള അംഗൻവാടി ഹെൽപ്പറുമാണ്. അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും 25 അംഗൻവാടിക്ക് |

| | | |
|---|---|---|
| | | ഒന്നൊന്നതോതിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ ഉണ്ട്. അംഗൻവാടികളുടെ പ്രവർത്തനത്തെ സഹായിക്കുന്നതിന് ഒരോ അംഗൻവാടിയോടും ചേർന്ന് വാർഡ് മെമ്പർമാർ/കൗൺസിലറുടെ നേതൃത്വത്തിൽ ക്ഷേമകമ്മിറ്റികൾ നിലവിലുണ്ട്. വിവിധ അംഗൻവാടികൾ ഉൾക്കൊള്ളുന്ന ഒരോ ഐ.സി.ഡി.എസ് പ്രോജക്ടും ഒരോ ശിശു വികസന പദ്ധതി ഓഫീസറുടെ കീഴിലാണ്. ജില്ലാതലത്തിലെ കോർഡിനേഷൻ, പ്രോഗ്രാം ഓഫീസർമാർ നടത്തുന്നുണ്ട്. കൂടാതെ അംഗൻവാടികളുടെ പ്രവർത്തനം സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥൻമാർ നിരീക്ഷിച്ചുവരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ